# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4300 — 24/10/2016-ൽ മറുപടിക്ക്

### പകർച്ചവ്യാധികളും സാംക്രമിക രോഗങ്ങളും തടയാൻ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിൽ ഡിഫ്തീരിയ പോലുള്ള സാംക്രമിക രോഗങ്ങൾ തലപൊക്കാൻ കാരണമെന്തെന്ന് ആരോഗ്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | എ) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലാണ് ഡിഫ്തീരിയ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. പ്രതിരോധ കുത്തിവെയ്പ് എടുക്കാൻ വിമുഖത കാണിക്കുന്നവർ കൂടുതൽ ഉള്ളതുകൊണ്ടും രോഗപ്രതിരോധ കുത്തിവെയ്പ്പിനെതിരെ നടത്തുന്ന കുപ്രചരണങ്ങൾ മൂലവുമാണ് ഈ ജില്ലകളിൽ വാക്സിനേഷൻ കുറവായി കാണപ്പെടുന്നത്. |
| ബി) പ്രതിരോധ കുത്തിവെപ്പുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിന് പൊതുജനാരോഗ്യ പ്രവർത്തകർക്ക് കൂടുതൽ എന്തൊക്കെ സൗകര്യ-ങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്ന-തെന്നും, പകർച്ചവ്യാധികളും, സാംക്രമിക രോഗങ്ങളും തടയാൻ എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന-തെന്നും വ്യക്തമാക്കാമോ? | ബി) ഈ വർഷം സംസ്ഥാനത്ത് പൊട്ടിപ്പുറപ്പെട്ട ഡിഫ്തീരിയ രോഗത്തിന്റെ പശ്ചാത്തലത്തിൽ പ്രതിരോധ കുത്തിവെയ്പ്പുകളുടെ ആവശ്യ-കതയും നിയന്ത്രണ പ്രവർത്തനങ്ങളും ജില്ലാ-തലത്തിൽ പ്രത്യേകിച്ച് മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ യുദ്ധകാലാടി-സ്ഥാനത്തിൽ നടത്തുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യവകുപ്പിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും നേതൃത്വത്തിൽ വിവിധ സാമൂഹിക, സാംസ്കാരിക സംഘടനകളെയും സർക്കാർ, സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളെയും മഞ്ചേരി, കോഴിക്കോട്, തൃശ്ശൂർ, എം.ഇ.എസ് മെഡിക്കൽ കോളേജുകളെയും ഏകോപിപ്പിച്ചു കൊണ്ട് ഒരു സമഗ്രമായ രോഗപ്രതിരോധ ബോധവല്ക്കരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.<br>ശിശുരോഗ വിദഗ്ദ്ധരുടെ സംഘടനയായ ഐ.എ.പി, ഡോക്ടർമാരുടെ സംഘടനയായ ഐ.എം.എ, കെ.ജി.എം.ഒ.എ, ശാസ്ത്ര-സാഹിത്യ പരിഷത്ത് എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രതിരോധ പ്രവർത്ത-നങ്ങൾ ജനകീയമാക്കി നടപ്പിലാക്കിവരുന്നു. |

പൂർണ്ണമായോ ഭാഗീകമായോ വാക്സിനേഷൻ നൽകാത്ത കുട്ടികളെ കണ്ടെത്തി സമ്പൂർണ്ണ വാക്സിനേഷൻ നൽകാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദഗ്ധർ ഉൾപ്പെടുന്ന സ്റ്റേറ്റ് അഡ്വൈസറി ഗ്രൂപ്പ് ഓൺ ഇമ്മ്യൂണൈസേഷൻ അടങ്ങുന്ന ഒരു സംഘം ഭാവിയിൽ വാക്സിനേഷന് വരുത്തേണ്ട നയസമീപനങ്ങൾക്ക് സഹായകമായ നിർദ്ദേശം നൽകുന്നതിന് രൂപീകരിച്ചിട്ടുണ്ട്.

പ്രതിരോധ കുത്തിവെയ്പ്പിനുള്ള അവബോധം വർദ്ധിപ്പിക്കാനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ആരോഗ്യപ്രവർത്തകർ ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

പ്രതിരോധ കുത്തിവെയ്പിനെ സംബന്ധിച്ച് വിവരങ്ങൾ നൽകുന്ന പോസ്റ്ററുകൾ, ബിഗ് നോട്ടീസുകൾ, പ്രതിരോധപട്ടിക എന്നിവ മലയാളം, കന്നട എന്നീ ഭാഷകളിൽ പ്രിന്റ് ചെയ്ത് വിതരണം ചെയ്തിട്ടുണ്ട്.

ആശാ പ്രവർത്തകരിലൂടെ വാക്സിനേഷന്റെ ആവശ്യകതയെപ്പറ്റിയുള്ള നോട്ടീസുകൾ വീട്ടുവീടാന്തരം വിതരണം ചെയ്യുന്നതിന് ലഭ്യമാക്കിയിട്ടുണ്ട്.

മത-സാമൂഹിക മേലധ്യക്ഷൻമാരുടെ നേതൃത്വത്തിൽ പ്രതിരോധ വാക്സിൻ നൽകുന്നതിന്റെ ആവശ്യകതയെപ്പറ്റി അവബോധക്ലാസ്സ് നൽകുകയും ടെലിവിഷനിലൂടെ പ്രതിരോധ വാക്സിൻ സന്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

ക്ഷേത്രങ്ങൾ, പള്ളികൾ എന്നിവ കേന്ദ്രീകരിച്ച് പ്രതിരോധകുത്തിവെയ്പ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും സർക്കാർ ലഭ്യമാക്കുന്ന സൗജന്യ സേവനങ്ങളെക്കുറിച്ചും ബോധവല്ക്കരണം നൽകിവരുന്നു.

എല്ലാ ജില്ലകളിലും ഇമ്മ്യൂണൈസേഷൻ കാർഡും, നോട്ടീസും പ്രിന്റ് ചെയ്ത് വിതരണം ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**